ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
0471 2561307

നടപടിക്രമം

സാങ്കേതിക - വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കേരള പി എസ്.സി നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥി - ശ്രീ റമീസ് അലി പി - ട്രേഡ്സ്മാൻ (ഇൻഫൊർമേഷൻ ടെക്നോളജി) - പ്രവേശനകാലം ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു:-

---

ജീവനക്കാര്യം (ബി) വിഭാഗം

നം. DTETVM/10951/2025-EB3 (EB) **തിരുവനന്തപുരം, തീയതി : 27-12-2025**

വായന :-

1.31.10.2025 തീയതിയിലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ **R1C-1/14/2025-KPSC** നമ്പർ നിയമന ശിപാർശ കത്ത്.

2.ഈ കാര്യാലയത്തിൽ നിന്നുമുള്ള **06.12.2025** തീയതിയിലെ **DTETVM/2822/2025-EB3 (EB)** നമ്പർ നിയമന ഉത്തരവ്.

3.15.12.2025 തീയതിയിൽ ഈ കാര്യാലയത്തിൽ ലഭ്യമായ ശ്രീ റമീസ് അലി പി -യുടെ അപേക്ഷ .

4.സ.ഉ.(പി) നമ്പർ **14/99/P&ARD** തീയതി. **17.7.1999.**

5.സർക്കുലർ നമ്പർ **5966/Adv.C3/2000/P&ARD** തീയതി. **28.6.2000.**
6.സ.ഉ. (അച്ചടി) നം.**15/2020/**ഉഭപവ തീയതി **28/10/2020**

ഉത്തരവ്

വായന **(1)** ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ചുവടെ പട്ടിക പ്രകാരം ചേർത്തിട്ടുള്ള ഉദ്യോഗാർത്ഥിയെ **₹26500-60700/-** രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (ഇൻഫൊർമേഷൻ ടെക്നോളജി) തസ്തികയിൽ വായന **(2)** പ്രകാരം നിയമനം നൽകുകയും ടി ഉത്തരവ് കൈപ്പറ്റി **24.12.2025** തീയതിയിലോ അതിന് മുൻപായോ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകുവാനുമാണ് നിർദ്ദേശിച്ചിരുന്നത്. ഉദ്യോഗാർത്ഥിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

Sl. No. as per the appointment order	Name and address of candidates.	Name of the institution that the candidate has been appointed.	Category.
2	**RAMEEZ ALI P** **PERUKADEN HOUSE** **THIRURKAD,** **MALAPPURAM** **679321**	Govt. Engineering College Sreekrishnapuram, Palakkad	OC Turn

എന്നാൽ **ശ്രീ റമീസ് അലി പി**, നിലവിൽ വിദേശത്ത് (മസ്ക്റ്റ്) ജോലി ചെയ്തു വരികയാണെന്നും ജോലിയിൽ നിന്നും വിടുതൽ ചെയ്യേണ്ടതുണ്ടെന്നും ഇതിൽ കാലതാമസം നേരിടുന്നതിനാൽ പ്രവേശന കാലം 45 ദിവസത്തേക്ക് ദീർഘിപ്പിച്ച് നൽകണമെന്നും വായന (3) പ്രകാരം അപേക്ഷച്ചിരിക്കുന്നു. പി.എസ്.സി. മുഖേന നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികളുടെ പ്രവേശന കാലം ദീർഘിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ വായന (4) (5) ഉത്തരവുകളിൽ പരാമർശിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, വായന (4) (5)-ലെ ഉത്തരവുകൾക്ക് വിധേയമായി ടിയാന് അനുവദിച്ചിരുന്ന പ്രവേശനകാലം വായന (2)-ലെ നിയമന ഉത്തരവ് തീയതി മുതൽ 45 ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

ശ്രീ റമീസ് അലി പി , വായന (2) പ്രകാരമുള്ള ഉത്തരവ് തീയതി മുതൽ 45 ദിവസം തികയുന്ന ദിവസമോ അതിനുമുമ്പായോ സ്ഥാപനമേധാവി മുമ്പാകെ കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്.

Signed by
Jayaprakash P
Date: 29-12-2025 11:54:27

JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി